"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, തൃക്കടീരി പി.ടി.എം.എച്ച്.എസ്. ലെ എച്ച്.എസ്.ടി. (ഉറുദു) ശ്രീ.അബ്ദുൽ മുസ്സാവിർ - ന്റെ നിയമനം അംഗീകരിക്കുന്നതിനായി സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2865/2026/GEDN തീയതി,തിരുവനന്തപുരം, 25-04-2026

---

പരാമർശം:-

1. പാലക്കാട്, തൃക്കടീരി പി.ടി.എം.എച്ച്.എസ്. ലെ എച്ച്.എസ്.ടി. (ഉറുദു) ശ്രീ.അബ്ദുൽ മുസ്സാവിർ സർക്കാരിൽ സമർപ്പിച്ച 14/08/2025 തീയതിയിലെ പുന:പരിശോധന ഹർജി.
2. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07-11-2025 തീയതിയിലെ DEOOTP/2303/2025-B5 നമ്പർ കത്ത്.
3. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 12-11-2025 തീയതിയിലെ DDEPKD/4667/2025-B5 നമ്പർ കത്ത്.
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 07-11-2025 തീയതിയിലെ ഇഎം3/22771/2025/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

തൃക്കടീരി പി.ടി.എം.എച്ച്.എസ്. ലെ എച്ച്.എസ്.ടി. ഉറുദു ആയ ശ്രീ.അബ്ദുൽ മുസ്സാവിർ, എച്ച് എസ് ടി ഉറുദു തസ്തികയിലെ 03/06/2024 മുതലുള്ള നിയമനം അംഗീകരിച്ചു കിട്ടുന്നതിന് സമർപ്പിച്ച ഹർജിയിന്മേൽ 10.11.2025 തീയതിയിൽ വാദം കേട്ടു.

2. ഹർജിക്കാരന്റെ വാദം താഴെ പറയുന്ന പ്രകാരമായിരുന്നു :

ഒറ്റപ്പാലം ഡി.ഇ.ഒ-യുടെ കീഴിലുള്ള PTM HS തൃക്കടീരിയിൽ പരാതിക്കാരനായ ശ്രീ.അബ്ദുൽ മുസ്സാവീർ. എൻ.കെ - യെ 3/06/2024 മുതൽ, ശ്രീമതി. സഫിയ.സി, എച്ച്.എസ്.റ്റി (ഉർദു) 31/03/2024 ൽ റിട്ടയർ ചെയ്തതുമൂലം നിലവിൽ വന്ന ഒഴിവിൽ, എച്ച്.എസ്.റ്റി (ഉർദു) ആയി നിയമിക്കപ്പെട്ട് തുടർന്നുവരികയാണ്.

മേൽപ്പറഞ്ഞ നിയമനത്തിന് താഴെ പറയുന്ന 2 കാരണങ്ങൾ ചൂണ്ടിക്കാട്ടി ഒറ്റപ്പാലം ഡി.ഇ.ഒ. നിയമനാംഗീകാരം നിരസിച്ചിരുന്നു.

1) ശ്രീ.അബ്ദുൽ മുസ്സാവീർ എൻ.കെ. യ്ക്ക് KTET യോഗ്യതയില്ല.

2) ഈ സ്കൂളിൽ അനുവദിക്കപ്പെട്ടിരുന്ന പാർട്ട് ടൈം എച്ച്.എസ്.റ്റി (സംസ്കൃതം)യുടെ അധിക

തസ്തികയിൽ സംരക്ഷിതാദ്ധ്യാപകൻ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ നിയമിക്കപ്പെട്ടിരുന്ന ശ്രീ. അഷറഫ് - ന്റെ നിയമനം ഒറ്റപ്പാലം ഡി.ഇ.ഒ-യുടെ ഉത്തരവ് നം. B5/713067/2024 തീയതി 09-04-2024 പ്രകാരം അംഗീകരിക്കപ്പെട്ടിരുന്നു. ഇതിനായി മാനേജർ പാലക്കാട് ഡി.ഡി.ഇ-ക്ക് സമർപ്പിച്ച അപ്പീലിൽ 31/03/2024 ൽ ഒഴിവ് വരുന്ന എച്ച്.എസ്.റ്റി (ഉറുദു) തസ്തിക മേൽപ്പറഞ്ഞ പാർട്ട് ടൈം എച്ച്.എസ്.റ്റി (സംസ്കൃതം) ഒഴിവിന് പകരം സംരക്ഷിത ജീവനക്കാരനായി വിട്ടുനൽകാമെന്ന് വ്യക്തമാക്കിയിരുന്നു.

ശ്രീ.അബ്ദുൽ മുസ്സാവീർ എൻ.കെ - യ്ക്ക് നിയമനാംഗീകാരം നിഷേധിച്ച ഉത്തരവിനെതിരെ മാനേജർ റൂൾ 8(5) ചാപ്റ്റർ 14 എ. കെ.ഇ.ആർ പ്രകാരം സമർപ്പിച്ചിരുന്ന അപ്പിലും സമാന കാരണങ്ങളാൽ തന്നെ പാലക്കാട് ഡി.ഡി.ഇ യും നിരാകരിച്ചിരുന്നു. ടി ഉത്തരവിനെതിരെ മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ റിവിഷൻ അപ്പീൽ സമർപ്പിച്ചിട്ടുണ്ടോയെന്നറിയില്ല. ഈ സാഹചര്യത്തിലാണ് 'Affected party' എന്ന നിലയിൽ ശ്രീ.അബ്ദുൽ മുസ്സാവീർ എൻ.കെ. റൂൾ 92 ചാപ്റ്റർ 14 എ. കെ.ഇ.ആർ പ്രകാരം ഒരു പുനഃപരിശോധനാ ഹർജി ബഹു. പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരിഗണനക്കായി സമർപ്പിച്ചത്.

എച്ച്.എസ്.റ്റി. ഉറുദു തസ്തികയിൽ നിയമിക്കപ്പെടുന്നതിനു ശ്രീ.അബ്ദുൽ മുസ്സാവീർ എൻ.കെ. പൂർണ്ണ യോഗ്യനാണ്. ടിയാൻ K-TET ക്യാറ്റഗറി III ജയിച്ചിട്ടില്ലായെന്ന ആരോപണം നിലവിൽ നിലനിൽക്കുന്നില്ല. റോൾ നമ്പർ 309012 ആയി, 2024 നവംബറിൽ നടത്തിയ K-TET ക്യാറ്റഗറി III പരീക്ഷ അദ്ദേഹം ജയിച്ചിട്ടുണ്ട്. 25/04/2025 ൽ ഇതിന്റെ യോഗ്യതാ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ട്.

അതേസമയം, 1:1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി വിട്ടു നൽകിയിരുന്ന പാർട്ട് ടൈം എച്ച്.എസ്.റ്റി (സംസ്കൃതം) ഒഴിവിൽ സംരക്ഷിതാദ്ധ്യാപകൻ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ ശ്രീ.അഷറഫ്. കെ യെ നിയമിക്കുകയും സ.ഉ.(സാധാ) നമ്പർ 1017/2024/G-Edn തീയതി 06/02/2024 - ലെ നിർദ്ദേശാനുസരണം, ശ്രീ. അഷറഫ് - ന്റെ പാർട് ടൈം എച്ച്.എസ്.റ്റി (സംസ്കൃതം) നിയമനം അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിനായി പാലക്കാട് ഡി.ഡി.ഇ - ക്ക് മാനേജർ അപ്പീൽ നൽകിയപ്പോൾ 31/03/2024 ൽ ഒഴിവ് വരുന്ന എച്ച്.എസ്.റ്റി (ഉറുദു) തസ്തിക പകരം സംരക്ഷിത ജീവനക്കാരനായി വിട്ടുനൽകാമെന്ന് സത്യപ്രസ്താവന ചെയ്തിരുന്നു. എന്നാൽ 2024 ൽ സ്കൂൾ തുറന്നപ്പോൾ 8 ൽ 57, 9 ൽ 20, 10 ൽ 25 എന്നിങ്ങനെ ആകെ 106 കുട്ടികൾ ഉറുദു പഠിക്കാനുണ്ടായിരുന്നു. ഉറുദു പഠിക്കുന്ന കുട്ടികളുടെ രക്ഷകർത്താക്കളും പി.റ്റി.എ ഭാരവാഹികളും ഉറുദു പഠിക്കാൻ അദ്ധ്യാപകനെ വയ്ക്കണമെന്നും അല്ലെങ്കിൽ തങ്ങളുടെ കുട്ടികളെ റ്റി.സി വാങ്ങി ഉറുദു അദ്ധ്യാപകരുള്ള മറ്റ് സ്കൂളുകളിലേക്ക് മാറ്റുമെന്ന് അവർ അറിയിച്ച സാഹചര്യത്തിലാണ് ഇതര അദ്ധ്യാപകരുടേയും സ്കൂളിൻ്റെ തന്നെയും നിലനിൽപ്പ് മുൻനിർത്തി ഉറുദു അദ്ധ്യാപകനെ നിയമിക്കാൻ മാനേജർ ബാദ്ധ്യസ്ഥനായത്. ഇതേ തുടർന്നാണ് ശ്രീ.അബ്ദുൽ മുസ്സാവീർ എൻ.കെ. യെ എച്ച്.എസ്.റ്റി ഉറുദു ആയി 2024 ൽ സ്കൂൾ തുറന്ന 03/06/2024 മുതൽ മാനേജർ നിയമിച്ചത്.

അതേസമയം ഈ സ്കൂളിൽ 2024-25 ൽ എച്ച്.എസ്.റ്റി (അറബിക്) ന് ഒരധിക തസ്തിക, തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം അനുവദിച്ചു കിട്ടാൻ അർഹതയുണ്ടായിരുന്നു. ഈ അധിക എച്ച്.എസ്.റ്റി (അറബിക്) തസ്തിക 2025-26 വർഷത്തിലും നിലനിർത്തുന്നതിനും

മതിയായ കുട്ടികളും പീരിഡുകളും ലഭ്യമാണ്. മേൽപ്പറഞ്ഞ എച്ച്.എസ്.റ്റി (അറബിക്) ന്റെ അധിക തസ്തിക അനുവദിക്കുന്ന മുറയ്ക്ക് എച്ച്.എസ്.റ്റി (ഉറുദു) ന് പകരമായി സംരക്ഷിതാദ്ധ്യാപകനെ നിയമിക്കാനായി വിട്ടുനൽകാമെന്ന് സമ്മതിച്ചുകൊണ്ട് മാനേജർ ബഹു. ഡിപ്പാർട്ടുമെന്റ് മുമ്പാകെ സമ്മതപത്രം നൽകിയിരുന്നു. 1:1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി വിട്ടു നൽകേണ്ടത് അധിക തസ്തികകളാണ്. ശ്രീ.അബ്ദുൽ മുസ്സാവീർ എൻ.കെ - യെ നിയമിച്ചിരിക്കുന്നത് റെഗുലർ തസ്തികയിലെ റിട്ടയർമെന്റ് ഒഴിവിലാണ്. അതുകൊണ്ടാണ് 2024-25 ൽ കിട്ടാൻ അർഹതയുള്ള എച്ച്.എസ്.റ്റി (അറബിക്) - ന്റെ അധിക തസ്തിക മാനേജർ സംരക്ഷിത അദ്ധ്യാപകനായി 1 : 1 അനുപാതപ്രകാരം വിട്ടു നൽകി സത്യവാങ്മൂലം സമർപ്പിച്ചത്.

എന്നാൽ മതിയായ അക്കോമൊഡേഷൻ ലഭ്യമല്ലാത്തതിനാൽ അർഹതപ്പെട്ട അധിക തസ്തികകൾ അനുവദിക്കപ്പെടാത്ത സ്ഥിതിയായിരുന്നു. ഇപ്രകാരം അനുവദിക്കപ്പെടാതിരുന്ന അധിക തസ്ത്ിികളിൽ HST (അറബിക്) തസ്തികയും ഉൾപ്പെടുന്നു. എന്നാൽ ഇപ്പോൾ അക്കാമഡേഷൻ ലഭ്യമാക്കിയതിനെ തുടർന്ന് തസ്തിക നിർണ്ണയ ഉത്തരവുകൾ റിവൈസ് ചെയ്ത് അർഹതപ്പെട്ട തസ്തികകളെ അനുവദിച്ചുതരാൻ റിവിഷൻ പെറ്റീഷൻ മാനേജർ ചട്ടപ്രകാരം സമർപ്പിച്ചിട്ടുണ്ട്. ഇത് പ്രകാരം HST (അറബിക്) - ന്റെ അധിക തസ്തികയും അനുവദിക്കുന്ന മുറയ്ക്ക് സത്യവാങ്മൂലത്തിൽ പറഞ്ഞ പ്രകാരം ആ ഒഴിവ് സംരക്ഷിത അദ്ധ്യാപക നിയമനത്തിനായി വിട്ടുനൽകാൻ മാനേജർ ബാദ്ധ്യസ്ഥനാണ്. ഏതെങ്കിലും കാരണവശാൽ HST (അറബിക്) അധിക തസ്തിക അനുവദിക്കപ്പെടുന്നില്ലെങ്കിൽ പകരം ഭാവിയിലുണ്ടാകുന്ന മറ്റൊരൊഴിവ് വിട്ടുനൽകാനും മാനേജർ തയ്യാറാണെന്ന് കാണുന്നു.

അതേസമയം, ഈ സ്കൂൾ 'ന്യൂ സ്കൂളിന്റെ' ഗണത്തിൽപെടുന്ന ഒന്നാണ്. ഇതനുസരിച്ച് ഒരു വ്യവസ്ഥാപിത ഒഴിവ് സംരക്ഷിത ജീവനക്കാരനെ നിയമിക്കാനായി വിട്ടുനൽകാൻ റൂൾ 7(3) ചാപറ്റർ XXI കെ.ഇ.ആർ പ്രകാരം മാനേജർ ബാദ്ധ്യസ്ഥനാണ്. ഇതിന്റെയടിസ്ഥാനത്തിൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തിക മാനേജർ വിട്ടുനൽകിയിരുന്നു. ഈ തസ്തികയിൽ CPHS കാവശ്ശേരിയിലെ സംരക്ഷിതാദ്ധ്യാപകനായ ശ്രീ. അഭിലാഷ് ജോയി എച്ച്. എസ്.റ്റി (ഇംഗ്ലീഷ്) ആയി നിയമിക്കപ്പെട്ട് തുടർന്നുവരികയായിരുന്നു. എന്നാൽ, 2025-26 ൽ, പുറത്തെഴുത്ത് ഉത്തരവ് നമ്പർ DGE/9011/2021/H2 തീയതി 16/07/2024 ലെ വ്യവസ്ഥ പ്രകാരം, പീരിയഡ് അടിസ്ഥാനത്തിൽ എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തിക കണക്കാക്കുമ്പോൾ 1 എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തിക കുറയുകയുണ്ടായി. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ സംരക്ഷിതാദ്ധ്യാപകനെ മറ്റ് ഒരു സ്കൂളിലേക്ക് വീണ്ടും പുനർവിന്യസിച്ചതായി കാണുന്നു. ന്യൂ സ്കൂളെന്ന നിലയിൽ സംരക്ഷിത ജീവനക്കാരനെ നിയമിക്കാനായി ഭാവിയിലുണ്ടാകുന്ന ഒരു ഒഴിവ് വിട്ടുനൽകുന്നതാണെന്ന് മാനേജർ ഡിപ്പാർട്ടുമെന്റെ മുമ്പാകെ സത്യപ്രസ്താവന ചെയ്തിട്ടുണ്ടായിരുന്നു.

എന്നാൽ 2025-26 തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം, HST (ഇംഗ്ലീഷ്) മറ്റൊരു സംരക്ഷിതാദ്ധ്യാപികയായ ശ്രീമതി.സറീന എൻ.ബി -യ്ക്കാണ് തസ്തിക നഷ്ടമാകുന്നത്. അതെന്തായാലും, 2025-26 ൽ HST (ഇംഗ്ലീഷ്) - ന് 1 തസ്തിക നഷ്ടം വരുന്നതിനാൽ, അതിൽ നിലനിന്നിരുന്ന HST (ഇംഗ്ലീഷ്) സംരക്ഷിതാദ്ധ്യാപകൻ, തസ്തിക നഷ്ടം വന്ന് പുറത്തുപോകേണ്ടി വന്നതിനാൽ പകരം സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി ഭാവിയിൽ വരുന്ന 1 റെഗുലർ ഒഴിവ് സത്യവാങ്മൂലത്തിലെ വ്യവസ്ഥ പ്രകാരം മാനേജർ വിട്ടുനൽകാൻ

ബാദ്ധ്യസ്ഥനാണെന്ന് ബോധിപ്പിക്കുന്നു.

അതേസമയം, ശ്രീ.അബ്ദുൽ മുസ്സാവീർ എൻ.കെ - യെ നിയമിച്ച തീയതിയിൽ, (03/06/2024) ഈ സ്കൂളിൽ എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) സംരക്ഷിതാദ്ധ്യാപകൻ തസ്തികയോടുകൂടി ഡ്യൂട്ടിയിൽ തുടരുന്നുണ്ടായിരുന്നു 2025-26 തസ്തിക നിർണ്ണയ ഉത്തരവ്' നിലവിൽവന്ന ശേഷമാണ് HST (ഇംഗ്ലീഷ്) തസ്തിക നഷ്ടമായത്. മേൽപ്പറഞ്ഞ ഈ വസ്തുതയും എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികക്ക് പകരം, ആദ്യം നിലവിൽ വരുന്ന മറ്റൊരു സ്ഥിരീകരിച്ച ഒഴിവ് വിട്ടുനൽകാമെന്ന മാനേജരുടെ സത്യപ്രസ്താവനയും കണക്കിലെടുക്കണമെന്ന് അപേക്ഷിക്കുന്നു.

സർവ്വോപരി ശ്രീ.അബ്ദുൽ മുസ്സാവീർ എൻ.കെ. യുടെ ജനന തീയതി 11/04/1983 ആണ്. ടിയാൻ്റെ പ്രായം നിയമന സമയത്ത് 40 വയസ്സും നിലവിൽ 42 വയസ്സുമാണ്. അതുകൊണ്ടു തന്നെ പ്രായ പരിധി കഴിയാറായ ടിയാന് ഇനി മറ്റൊരു ജോലി എയിഡഡ് സ്കൂളിലോ പി.എസ്.സി വഴിയോ ലഭ്യമാക്കാൻ ഒരു സാദ്ധ്യതയുമില്ലായെന്ന വസ്തുത കൂടി അങ്ങയുടെ ദയപരമായ പരിഗണനയക്ക് വിധേയമാക്കണമെന്നപേക്ഷിക്കുന്നു.

നിലവിൽ പരാതിക്കാരൻ K-TET യോഗ്യത നേടിക്കഴിഞ്ഞതിനാലും 1:1 പ്രകാരം, 1 എച്ച്.എസ്.റ്റി (അറബിക്) അധിക ഒഴിവ് ലഭ്യമാകുന്ന മുറയ്ക്ക് സംരക്ഷിതാദ്ധ്യാപകനായി മാനേജർ വിട്ടു നൽകുന്നതിനാലും സത്യവാങ്മൂലം രേഖാമൂലം നൽകിയതിനാലും 'ന്യൂ സ്കൂൾ' എന്ന നിലയിൽ ഭാവിയിൽ വരുന്ന ഒരു വ്യവസ്ഥാപിത ഒഴിവ്' കൂടി സംരക്ഷിത ജീവനക്കാരനായി വിട്ടു നൽകാമെന്ന് മാനേജർ സത്യപ്രസ്താവന സമർപ്പിച്ചിട്ടുള്ളതും പരിഗണിച്ച്, 03/06/2024 മുതലുള്ള ശ്രീ. അബ്ദുൽ മുസ്സാവീർ എൻ.കെ. യുടെ നിയമനം, ഭിന്നശേഷി സംവരണ നിയമനത്തിന് വിധേയമായംഗീകരിച്ച തരാൻ ഒറ്റപ്പാലം ഡി.ഇ.ഒ-ക്ക് നിർദ്ദേശം നൽകി ഈ പുനഃപരിശോധനാ ഹർജി തീർപ്പാക്കണമെന്നപേക്ഷിക്കുന്നു (നിലവിൽ ഈ സ്കൂളിൽ 1 : 1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകരായി ജോലി നോക്കുന്ന 4 അദ്ധ്യാപകരുടേയും 'ന്യൂ സ്കൂൾ' എന്ന നിലയിൽ സംരക്ഷിതാദ്ധ്യാപകനായി നിയമിക്കപ്പെട്ട എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) അദ്ധ്യാപകന്റെയും വിവരങ്ങൾ, 2024-25 തസ്തിക നിർണ്ണയ ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്).

3.മാനേജരുടെ വാദം താഴെ കാണാവുന്നതാണ് :

പി ടി എം ഹൈസ്കൂൾ തൃക്കടീരിയിൽ ഉറുദു അദ്ധ്യാപികയായിരുന്ന ശ്രീമതി സഫിയ സി 31.03.2024 ന് സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ 03.06.2024 മുതൽ ശ്രീ അബ്ദുൽ മുസവ്വിർ നാട്ടുകല്ലിങ്ങലിനെ നിയമിച്ചിരുന്നു. പുതു വർഷമായതിനാലും ഉറുദു പഠിക്കുന്നതിന്നായി സ്കൂളിൽ നൂറിലധികം കുട്ടികൾ ചേരുകയും ചെയ്ത സാഹചര്യത്തിൽ ഇവരെ പഠിപ്പിക്കുവാൻ മറ്റ് മാർഗ്ഗങ്ങളൊന്നുമില്ലാഞ്ഞപ്പോഴാണ് പ്രധാന അധ്യാപികയുടെയും പി ടി എ യുടെയും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ മൂസവ്വിറിനെ നിയമിച്ചത്.

എന്നാൽ സംരക്ഷിത അദ്ധ്യാപക തസ്തികയിലേക്ക് വിട്ടു കൊടുത്തിരുന്ന സംസ്കൃതം തസ്തികയിൽ വർഷങ്ങൾ കഴിഞ്ഞിട്ടും അദ്ധ്യാപകനെ ലഭ്യമാകാത്തതിനെത്തുടർന്ന് ശ്രീ അഷറഫ് കെ യെ നിയമിക്കുകയും ശ്രീ അഷറഫിന്റെ നിയമനം സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ അഷറഫിന്റെ നിയമനാംഗീകാരത്തിനായി സർക്കാരിൽ സമർപ്പിച്ച അപ്പീലിൽ

2024-25 വർഷം ഒഴിവ് വരുന്ന ഉറുദു തസ്തിക സംരക്ഷിത അദ്ധ്യാപക നിയമനത്തിനായി വിട്ടു നൽകുമെന്ന് ഞാൻ അറിയിച്ചിരുന്നു. ഉറുദു പഠിപ്പിക്കുവാൻ ആളില്ലാതായ അവസ്ഥയിൽ ശ്രീ മുസവ്വിറിനെ നിയമിച്ച സാഹചര്യത്തിൽ 2024-25 ലെ തസ്തിക നിർണ്ണയം റിവൈസ് ചെയ്യുമ്പോൾ സൃഷ്ടിക്കപ്പെടുന്ന അധിക അറബി തസ്തിക സംരക്ഷിതാധ്യാപകനെ നിയമിക്കുന്നതിന്നായി വിട്ടു നൽകാമെന്ന് ഞാൻ ഇതിനാൽ അറിയിക്കുന്നു.

സർക്കാർ ഇംഗ്ലീഷ് നിയമനത്തിൽ പീരിയഡ് അടിസ്ഥാനത്തിൽ തസ്തിക കണക്കാക്കിയതിനെത്തുടർന്ന് ഇംഗ്ലീഷ് തസ്തികയിൽ ജോലി ചെയ്തിരുന്ന സംരക്ഷിതാദ്ധ്യാപകരിലൊരാൾ പുറത്ത് പോയതിനാൽ ഇനി ഒഴിവ് അദ്ധ്യാപക തസ്തികയിൽ ഒന്ന് വിട്ട് നൽകുന്നതാണെന്നും അറിയിക്കുന്നു. നിലവിൽ മൂന്ന് സംരക്ഷിതാദ്ധ്യാപകർ ഈ സ്കൂളിൽ ജോലി ചെയ്തു കൊണ്ടിരിക്കുന്നുണ്ട്. മറ്റൊരാൾ സ്വന്തം സ്കൂളിലേക്ക് തിരിച്ചു പോയതിനാൽ ടി തസ്തികയും ഒഴിഞ്ഞു കിടക്കുന്നു.

ഭിന്നശേഷിക്കാർക്കായി ഒരു മലയാളം റിട്ടയർമെന്റെ തസ്തികയും 2024-25 ലെ തസ്തിക നിർണ്ണയം റിവൈസ് ചെയ്യുമ്പോൾ സൃഷ്ടിക്കപ്പെടുന്ന ഹിന്ദി തസ്തികയും മാറ്റി വച്ചിട്ടുണ്ട്.

ശ്രീ അബ്ദുൽ മുസ്സവ്വിർ നാട്ടുകല്ലിങ്ങലിനെ നിയമിക്കുമ്പോൾ കെ ടെറ്റ് യോഗ്യത നേടിയിട്ടില്ല എങ്കിലും നവംബർ 2024 ൽ നടന്ന കെ ടെറ്റ് പരിക്ഷ അദ്ദേഹം പാസ്സായിട്ടുണ്ട്.

ആയതിനാൽ 03/06/2024 മുതൽ മാനേജർ നിയമിച്ച ശ്രീ അബ്ദുൽ മുസ്സവ്വിർ നാട്ടുകല്ലിങ്ങൽ എന്ന അദ്ധ്യാപകന്റെ നിയമനം അംഗീകരിക്കുമാറാകണമെന്ന് വിനയ പൂർവം അപേക്ഷിക്കുന്നു.

4. പൊതു വിദ്യാഭ്യാസ ഓഫീസർമാർ താഴെ പറയും പ്രകാരം വാദിച്ചു :

തൃക്കടീരി പി.ടി.എം. ഹൈസ്കൂളിലെ എച്ച് എസ് ടി ഉറുദു അദ്ധ്യാപികയായിരുന്ന ശ്രീമതി സഫിയ സി, 31/03/2024 ന് സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിലാണ് ശ്രീ. അബ്ദുൽ മുസ്സവിർ നാട്ടുകല്ലിങ്ങലിനെ എച്ച് എസ് ടി ഉറുദു അദ്ധ്യാപകനായി 03/06/2024 മുതൽ മാനേജർ നിയമിച്ചത്.

നിയമന തീയതിയിൽ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല, ടി സ്കൂളിൽ അനുവദിക്കപ്പെട്ട അധിക തസ്തികയിൽ 1:1 പ്രകാരം മാനേജർ നിയമനം നടത്തിയിട്ടില്ല എന്നതിനാൽ ടി നിയമനം ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറും വിദ്യാഭ്യാസ ഉപഡയറക്ടറും നിരസ്സിച്ചു.

പ്രസ്തുത സ്കൂളിൽ അനുവദിക്കപ്പെട്ട എച്ച്.എസ്.ടി. സംസ്കൃതം അധിക തസ്തികയിൽ സംരക്ഷിതാദ്ധ്യാപകനെ ലഭ്യമാകാത്തതിന്റെ അടിസ്ഥാനത്തിൽ മാനേജർ പ്രസ്തുത തസ്തികയിൽ പുതിയ നിയമനം നടത്തുകയും ശ്രീ. അഷ്റഫിന്റെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തു. ശ്രീ. അഷറഫ് കെ യുടെ നിയമനം അംഗീകരിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ച അപ്പീലിൽ ടി സ്കൂളിലെ എച്ച് എസ് ടി ഉറുദു അദ്ധ്യാപികയായിരുന്ന ശ്രീമതി സഫിയ സി 31/03/2024 ന് സേവനത്തിൽ നിന്നും വിരമിച്ച ഒഴിവ് എച്ച് എസ് ടി ഉറുദു തസ്തിക സംരക്ഷിതാദ്ധ്യാപക നിയമനത്തിന് വിട്ടുനൽകാം എന്ന് മാനേജർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ ഒഴിവിലേക്കാണ് ശ്രീ. അബ്ദുൽ മുസാവിർ

നാട്ടുകല്ലിങ്ങലിനെ പുതിയതായി മാനേജർ നിയമിച്ചിട്ടുള്ളത്. നിലവിൽ 03/06/2024 മുതൽ ശ്രീ. അബ്ദുൽ മുസാവിർ എൻ കെ യെ മാനേജർ പുതിയതായി നിയമിച്ച സാഹചര്യത്തിൽ 2024-25 വർഷത്തിൽ തസ്തിക നിർണ്ണയ പ്രകാരം അനുവദിച്ചിട്ടുള്ള എച്ച് എസ് ടി അറബിക് തസ്തിക സംരക്ഷിത അദ്ധ്യാപകനെ പുനർവിന്യസിക്കുന്നതിനായി വിട്ടു നൽകാമെന്ന് മാനേജർ സമ്മതപത്രം പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അറിയിച്ചിരുന്നു. എന്നാൽ കുട്ടികളുടെ നേരിയ വർദ്ധനവ് മാത്രമേ ഉള്ളു എന്നതിനാൽ ടി അറബിക് അധിക തസ്തിക സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടില്ല.

ശ്രീ. അബ്ദുൽ മുസ്സാവിർ നാട്ടുകല്ലിങ്ങലിന് നിയമന തീയതിയായ 03/06/2024-ന് കെ-ടെറ്റ് യോഗ്യത ഇല്ല. നിലവിൽ ടിയാൻ 25/04/2025 തീയതിയിൽ കെ-ടെറ്റ് യോഗ്യത നേടിയിട്ടുണ്ട്. 1:1 അനുപാതത്തിൽ അധിക തസ്തികകളിൽ സംരക്ഷിതാദ്ധ്യാപകർക്കാണ് ആദ്യത്തെ തസ്തിക മാറ്റി വയ്ക്കേണ്ടത് എന്നതിനാൽ ഭാവിയിൽ വരുന്ന ഒഴിവ് വിട്ടുനൽകാമെന്ന മാനേജരുടെ വാദങ്ങൾ അംഗീകരിക്കാവുന്നതുമല്ല.

ഈ സാഹചര്യത്തിൽ, എച്ച് എസ് ടി ഉറുദു തസ്തികയിലെ 03/06/2024 മുതലുള്ള നിയമനം അംഗീകരിക്കണമെന്നുള്ള ശ്രീ. അബ്ദുൽ മുസ്സവിർ നാട്ടുകല്ലിങ്ങൽ സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജി പരിഗണനാർഹമല്ല എന്ന വിവരം അങ്ങയെ അറിയിക്കുന്നു.

5. സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. തൃക്കടീരി പി.ടി.എം. ഹൈസ്കൂളിലെ ഉറുദു അധ്യാപികയായിരുന്ന ശ്രീമതി. സഫിയ.സി 31.03.2024 ന് വിരമിച്ച ഒഴിവിൽ ശ്രീ. അബ്ദുൽ മുസ്സാവിർ നാട്ടുകല്ലിങ്ങലിനെ എച്ച്.എസ്.ടി. ഉറുദു അധ്യാപകനായി 03.06.2024 തീയതിയിൽ നിയമിച്ചു. ടി നിയമനം ശ്രീ. അബ്ദുൽ മുസ്സവിർ നിയമന തീയതിയിൽ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല എന്ന കാരണത്താലും സംരക്ഷിത അധ്യാപകർക്കായി മാറ്റി വച്ചിരുന്ന തസ്തികയിലാണ് നിയമനം നടത്തിയിരിക്കുന്നത് എന്ന കാരണത്താലും നിരസിക്കപ്പെട്ടു. ശ്രീ. അബ്ദുൽ മുസ്സാവിർ നാട്ടുകല്ലിങ്ങൽ നിയമന തീയതിയിൽ യോഗ്യത നേടിയിരുന്നില്ല എങ്കിലും നിലവിൽ 25.04.2025 തീയതിയിൽ യോഗ്യത നേടിയിട്ടുണ്ട്.

തൃക്കടീരി പി.ടി.എംഹൈസ്കൂൾ പുതുതായി ആരംഭിച്ച സ്കൂളുകളുടെ വിഭാഗത്തിൽപ്പെടുന്നതാണ് .KER Chapter XXI Rule 7(3)(a) പ്രകാരം 01 സ്ഥിരം തസ്തിക സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി മാറ്റിവെച്ചിട്ടുണ്ട് ടി സ്കൂളിൽ 2019-2020 വരെ 08 അധിക തസ്തികകൾ അനുവദിച്ചിരുന്നതിൽ KER Chapter XXI Rule 7 (2) പ്രകാരം 04 തസ്തികൾ സംരക്ഷിതാദ്ധ്യാപകരെ നിയമിയ്ക്കുന്നതിനായി മാറ്റിവെച്ചിരുന്നു. കൂടാതെ 2014-15, 2015-16 വർഷങ്ങളിൽ ഒഴിഞ്ഞു കിടന്നിരുന്ന HST ENGLISH തസ്തിക 2016-17 പുതിയ തസ്തികയായി കണക്കാക്കിയതുപ്രകാരം ഈ തസ്തികയിൽ നിയമിതയായ ശ്രീമതി. ശില്പ. പി.എസ് എന്ന അദ്ധ്യാപികയുടെ നിയമനം അംഗീകരിയ്ക്കുന്നതിന് വേണ്ടിയും 1:1 അനുപാതത്തിൽ ഒരു ഒഴിവ് മാറ്റിവെച്ചിരുന്നു ആയതുപ്രകാരം KER Chapter XXI Rule 7 (2) പ്രകാരം 05 തസ്തികകളും, KER Chapter XXI Rule 7 (3)(a) പ്രകാരം 01 തസ്തികയും ഉൾപ്പടെ ആകെ 06 ഒഴിവുകൾ സംരക്ഷിതാദ്ധ്യാപകരെ നിയമിയ്ക്കുന്നതിനായി സ്കൂൾ മാനേജർ വിട്ടുനൽകിയിട്ടുണ്ട്.

കെ.ഇ.ആർ. ചാപ്റ്റർ 21 റൂൾ 7(2) പ്രകാരം ആകെ 6 തസ്തികകളാണ് ഈ സ്കൂളിൽ മാനേജർ സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി മാറ്റിവെച്ചിട്ടുള്ളതെങ്കിലും നിലവിൽ 3

സംരക്ഷിതാധ്യാപകർ മാത്രമാണ് ഈ സ്കൂളിൽ സേവനമനുഷ്ഠിക്കുന്നത് എന്നതിനാൽ 3 സംരക്ഷിതാധ്യാപകരെ കൂടി ഇനി നിയമിക്കേണ്ടതുണ്ട്.

6-ാമത്തെ തസ്തികയായ എച്ച്.എസ്.ടി. സംസ്കൃതം പാർട്ട് ടൈം തസ്തികയിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിയ്ക്കുന്നതിനായി സമ്മതപത്രം നൽകിയിരുന്നെങ്കിലും, ഈ തസ്തികയിൽ സംരക്ഷിതാദ്ധ്യാപകർ ലഭ്യമല്ലെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചതിനെ തുടർന്ന് സ്കൂൾ മാനേജർ, 01/06/2022 മുതൽക്ക് ശ്രീ. അഷറഫ്. യെ പാർട്ട് ടൈം സംസ്കൃതം അദ്ധ്യാപകനായി നിയമിച്ചിരുന്നു. ഈ നിയമനം 06/02/2024 ലെ സ.ഉ. (സാധാ) നം. 1017/2024/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, W.P. (C) No.27395/2023 നമ്പർ റിട്ട് ഹർജിയിലെ 18/08/2023 ലെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ, ജില്ലയിൽ തസ്തികയിൽ സംരക്ഷിതാദ്ധ്യാപകരില്ലെന്ന വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ചുകൊണ്ട് ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിയ്ക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫിസർക്ക് സർക്കാർ നിർദ്ദേശം നൽകി.

ശ്രീ.അഷ്റഫ്.കെ - യുടെ നിയമനം അംഗീകരിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ച അപ്പീലിൽ തൃക്കടീരി പി.ടി.എം ഹൈസ്കൂളിലെ എച്ച്.എസ്.ടി ഉറുദു ആയിരുന്ന ശ്രീമതി. സഫിയ സി 31.03.2024 ന് സേവനത്തിൽ നിന്ന് വിരമിച്ചത് മൂലം സംജാതമായ എച്ച്.എസ്.ടി. ഉറുദു തസ്തിക സംരക്ഷിതാധ്യാപക നിയമനത്തിന് വിട്ടു നൽകാമെന്ന് മാനേജർ വ്യക്തമാക്കിയിരുന്നു. ഈ തസ്തിയിലാണ് നിലവിൽ 03.06.2024 മുതൽക്ക് അബ്ദുൽ മുസ്സാവിർ.എൻ.കെ. യെ മാനേജർ നിയമിച്ചിരിക്കുന്നത്. ഇതിനു പകരമായി 2024-25 വർഷം തസ്തിക നിർണയ പ്രകാരം അനുവദിക്കുന്ന എച്ച്.എസ്.ടി. (അറബിക്) തസ്തിക സംരക്ഷിതാധ്യാപകനെ പുനർവിസിക്കുന്നതിനായി വിട്ടു നൽകാമെന്നാണ് മാനേജർ സമ്മതപത്രം നൽകിയിട്ടുള്ളത്. എന്നാൽ 2024-25 വർഷം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശുപാർശ ചെയ്ത എച്ച്.എസ്.ടി അറബിക് തസ്തിക കുട്ടികളുടെ നേരിയ വർദ്ധനവ് മാത്രമേ ഉള്ളൂ എന്നതിനാൽ വിദ്യാഭ്യാസ ഉപഡയറക്ടർ ശുപാർശ ചെയ്യാത്ത സാഹചര്യത്തിൽ പ്രസ്തുത തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ അനുവദിക്കാത്ത തസ്തികയിൽ സംരക്ഷിത അധ്യാപകനെ നിയമിച്ചുകൊള്ളാം എന്ന മാനേജരുടെ സമ്മതപത്രം പരിഗണിക്കാവുന്നതല്ല എന്നതിനാൽ ശ്രീ. അബ്ദുൽ മുസ്സവിർ-ന്റെ 03.06.2024 മുതലുള്ള ഉറുദു അധ്യാപകനായുള്ള തന്റെ നിയമനം അംഗീകരിച്ചു നൽകണമെന്നാവശ്യപ്പെട്ടു സമർപ്പിച്ച പുന:പരിശോധന ഹർജി നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, പി.ടി.എം.എച്ച്.എസ്. , തൃക്കടീരി, പാലക്കാട്
ശ്രീ.അബ്ദുൽ മുസ്സാവിർ,എച്ച്.എസ്.ടി. (ഉറുദു), പി.ടി.എം.എച്ച്.എസ്., തൃക്കടീരി, പാലക്കാട്
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Meera S S

Date: 27-04-2026 14:33:27

സെക്ഷൻ ഓഫീസർ